**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1687** **20-06-2024 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് ആയി എത്ര തുക നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമ നിധി ബോർഡിന് നാളിതു വരെ സർക്കാരിൽ നിന്നും 2401-00-109-76 (P) "കർഷക ക്ഷേമനിധി ബോർഡ്" എന്ന ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.<br><br>2020-21 - 1 കോടി രൂപ<br><br>2021-22 - 1.10 കോടി രൂപ<br><br>2022-23 - 1 കോടി രൂപ<br><br>2023-24 - 1 കോടി രൂപ<br><br>മേൽ പറഞ്ഞ തുകകൾ പൂർണമായും ബോർഡിന്റെ ഭരണച്ചെലവിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ക്ഷേമനിധിയുടെ ഭരണച്ചെലവിനത്തിൽ നാളിതുവരെ ആകെ എത്ര തുക ചെലവിട്ടുവെന്ന് സാമ്പത്തികവർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) | 2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമ നിധി ബോർഡിന് നാളിതു വരെ സർക്കാരിൽ നിന്നും 2401-00-109-76 (P) "കർഷക ക്ഷേമനിധി ബോർഡ്" എന്ന ശീർഷകത്തിൻ കീഴിൽ അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.<br><br>2020-21 - 1 കോടി രൂപ<br><br>2021-22 - 1.10 കോടി രൂപ<br><br>2022-23 - 1 കോടി രൂപ<br><br>2023-24 - 1 കോടി രൂപ<br><br>മേൽ പറഞ്ഞ തുകകൾ പൂർണമായും ബോർഡിന്റെ ഭരണച്ചെലവിനായി ചെലവഴിച്ചിട്ടുണ്ട്. |
| (സി) | നാളിതുവരെ എത്ര രൂപ അംശദായമായി ലഭിച്ചുവെന്നും ആനുകൂല്യങ്ങൾ വിതരണം | (സി) | നാളിതുവരെ 2,75,40,334/- രൂപ അംശദായമായി ലഭിച്ചിട്ടുണ്ട്. കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ |

| | | | |
|---|---|---|---|
| | ചെയ്തിട്ടുണ്ടോയെന്നും അംശദായ തുകയിൽ നിന്നും സർക്കാർ ഗ്രാന്റിൽ നിന്നും ഭരണച്ചെലവിനായി വിനിയോഗിച്ച തുകയുടെ വിവരവും ഇനം തിരിച്ച് വ്യക്തമാക്കുമോ? | | ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനു അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ഓൺലൈനായി ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തിയ്യതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യം നല്കാറായിട്ടില്ല. അംശദായ തുകയിൽ നിന്നും ഭരണച്ചെലവിനായി തുകയൊന്നും വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ